MALAYALA MANORAMA - 29-07-2019

പ്രളയത്തിലെ രക്ഷകർക്ക് എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹത്തോടെയാണ് ഈ ക്യാംപെയിൻ തുടങ്ങിയത്. നാലായിരം മത്സ്യത്തൊഴിലാളികൾക്ക് 65000 ജീവൻ രക്ഷിക്കാമെങ്കിൽ മുന്നൂറ്റിനാൽപ്പത്തൊമ്പതു മത്സ്യത്തൊഴിലാളികൾക്ക് 2.3 ലക്ഷം മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് എടുത്തുകൊടുക്കാൻ എന്തായാലും മടുക്കില്ലല്ലോ. മനസ്സുവയ്ക്കേണ്ട ആവശ്യമേയുള്ളൂ.

ലക്ഷ്മി മേനോൻ

രക്ഷകർക്കു പരിരക്ഷ; നന്ദിക്കൊരു പുതുരൂപം

ടി.എസ്.ദിവ്യ

പ്രളയാനന്തരകേരളത്തിന്റെ രക്ഷകരായി മാറിയ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിലേക്ക് യാതൊരുക്കൊരുങ്ങുകയാണ് നാടിന്റെ സൗഹൃദത്തോണികൾ. തിരയിൽ തിരഞ്ഞെത്തി 65,000 ജീവനുകൾ തിരഞ്ഞുപിടിച്ചവർക്ക് എന്തു തിരികെ നൽകിയേന്നു ചിന്തയിലാണ് FRIEND-SHIP എന്ന പദ്ധതിക്കു തുടക്കം. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷുറൻസ് പരിരക്ഷ, സ്നേഹസമ്മാനമായി നന്ദിവാക്കം, കുറിച്ചു കടലാസു തോണികൾ, മത്സ്യത്തൊഴിലാളി കുടുംബവുമായുള്ള സൗഹൃദച്ചങ്ങല എന്നീ ആശയങ്ങളോടെ തുടക്കമിട്ട പദ്ധതി മൂന്നരമാസത്തിനിടെ ഏറെദൂരം പിന്നിട്ടു കഴിഞ്ഞു. ഇതിനോടകം 10,000 ഇൻഷുറൻസ് പോളിസികളായി. ഒപ്പം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫി, സിഎംഎഫ്ആർഐ, സിഎഫ്ടി, പിള്ളിപ്പള്ളി ഫൗണ്ടേഷൻ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ ഒരുങ്ങുന്നു. കടലാസുതോണി നിർമാണത്തിനായി വിദ്യാർഥികളെ അണിനിരത്തി സ്കൂളുകളും രംഗത്തെത്തി.

കൂടുതൽ പേരിലേക്ക് ഇൻഷുറൻസ്

മത്സ്യത്തൊഴിലാളികൾക്കായി ഒരു ലക്ഷം രൂപയുടെ വാർഷിക ഇൻഷുറൻസ് പരിരക്ഷയാണ് പദ്ധതിയുടെ അടിസ്ഥാനം. 24 രൂപ വാർഷിക പ്രീമിയം അടച്ച് ഒരു മത്സ്യത്തൊഴിലാളിയുള്ള ഇൻഷുറൻസ് സ്പോൺസർ ചെയ്യാം. തുച്ഛ ഇന്നു ഇൻഷുറൻസ് കമ്പനിയാണ് പോളിസി നൽകുന്നത്.

പതിനായിരം-പേർക്കെങ്കിലും പോളിസി ഉറപ്പാക്കുകയെന്ന ലക്ഷ്യമാണ് തുടക്കത്തിലുണ്ടായതെങ്കിലും കുറഞ്ഞസമയംകൊണ്ടുതന്നെ ഇതു കൈവരിക്കാനായി. മത്സ്യഫെഡിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് 2.3 ലക്ഷം മത്സ്യത്തൊഴിലാളികളാണുള്ളത്. മുഴുവൻപേരിലേക്കും ഈ പദ്ധതിയുടെ ഗുണഫലമെത്തിക്കുകയെന്നതാണ് അടുത്ത ഘട്ടം.

ഇതിനായി വിദേശ മലയാളികളുടെ ഉൾപ്പെടെ സഹകരണം തേടും. പ്രളയാനന്തരകേരളത്തിലെ രക്ഷകർക്കായി ഒരു ഡോളർ മാറ്റിവയ്ക്കുകയെന്ന സന്ദേശമാണ് നൽകുക. ഒരു തുഷ്സ് ഡോളർ ചെലവിട്ടാൽ 3 ഇൻഷുറൻസ് പ്രീമിയം എടുക്കാനാകും.

സ്ത്രീകൾക്കായി പദ്ധതികൾ

മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമിടുന്ന സംരംഭങ്ങൾക്കും പദ്ധതി വഴിയൊരുക്കും. ഇതിന്റെ ആദ്യഘട്ടം ഓഗസ്റ്റ് 17ന് മാരാരിക്കുളത്ത് തുടക്കമിടും.

രാസവസ്തുക്കൾ ഇല്ലാത്ത മത്സ്യം വ്യത്തിയോടെ വീടുകളിലെത്തിക്കുക എന്ന പദ്ധതിയാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുക. ഇതിനാവശ്യമായ പരിശീലനവും അടിസ്ഥാന സൗകര്യ വികസനവും സിഎഫ്ടി, സിഎംഎഫ്ആർഐ എന്നിവ നൽകും. ഓൺലൈൻ ബുക്കിങ് സൗകര്യം, ഇതിനായി മൊബൈൽ ആപ്പിക്കേഷൻ എന്നിവയും സജ്ജമാക്കും.

80 ശതമാനവും മത്സ്യത്തൊഴിലാളികളുടെ നേതൃത്വത്തിലുള്ള പദ്ധതിയാകുമിത്. ഒപ്പം സീറോ വേസ്റ്റ് സംരംഭമെന്ന പ്രത്യേകതയുമുണ്ട്. മീൻ നന്നാക്കിയതിനുശേഷമുള്ള ചെതുമ്പൽ ഉൾപ്പെടെയുള്ള ഭാഗങ്ങൾ വളമാക്കി മാറ്റാനുള്ള സാങ്കേതികയും പ്രയോജനപ്പെടുത്തും. ഇതും വരുമാനമാർഗമാക്കി മാറ്റും. ആദ്യ സംരംഭത്തിന്റെ പ്രവർത്തനം വിജയിക്കുന്നിയിക്കേഷം പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കും.

വഞ്ചിപ്പാട്ട് റിങ് ടോൺ

ഫ്രണ്ട്ഷിപ് ക്യാംപെയിന്റെ അവതരണ ഗാനം ആദ്യമായി രംഗത്തെത്തിച്ചത് മനോരമ ന്യൂസിന്റെ ന്യൂസ് മേക്കർ 2018 അവാർഡ് വേദിയിലാണ്. ഹരിനാരായണൻ വരികളെഴുതി സംഗീതസംവിധായകൻ ബിജിപാൽ ഈണമിട്ട ഗാനം. മൊബൈലിൽ റിങ് ടോൺ ആയി ഡൗൺലോഡ് ചെയ്താൽ യൂസർഫ്രീ ആയി ചെലവിടുന്ന തുക മത്സ്യത്തൊഴിലാളി ഇൻഷുറൻസ് പ്രീമിയത്തിലേക്ക് അടയ്ക്കാം. ഇത്തരത്തിലുള്ള പദ്ധതിക്കായി വോഡഫോൺ, ഐഡിയ കമ്പനികളുമായുള്ള ചർച്ചകൾ അവസാനഘട്ടത്തിലാണ്.

കടലാസ് തോണി ഇൻസ്റ്റലേഷൻ

പ്രളയാനന്തരത്തിലെ നാടിന്റെ രക്ഷകർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദിയറിയിക്കാനായാണ് സന്ദേശം. കുറിച്ചു കടലാസു തോണി എന്ന ആശയം അവതരിപ്പിച്ചതെങ്കിലും ഇതിനായി കുടുതൽ വിശാലമായ സൗകര്യമൊരുങ്ങുകയാണ്.

കൊച്ചി മറൈൻഡ്രൈവിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫിയുടെ വിശാലമായ അങ്കണത്തിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ആദരമായി കൂറ്റൻ ഇൻസ്റ്റലേഷൻ തയാറാക്കും. 65000 ജീവൻ രക്ഷപ്പെടുത്തിയതിന്റെ സ്മരണയിൽ അത്രയും തോണികൾ ചേരുന്ന ഇൻസ്റ്റലേഷനാണ് ഒരുക്കുക. പെൻസിപ്പേഡ് ആർട് മാതൃകയിലാണ് ഇതു തയാറാക്കുക. മുകളിൽ നിന്നു തൂങ്ങിക്കിടക്കുന്ന രീതിയിലാണിത്. എവിടെ നിന്നു നോക്കിയാലും തോണിയുടെ രൂപം കാണുമെന്നതാകും പ്രത്യേകത.

ഓഗസ്റ്റ് 15ന് ഉദ്ഘാടനം ചെയ്യുന്ന ഇൻസ്റ്റലേഷൻ ഡിസംബറിലാകും പൂർത്തിയാകുക. കൊച്ചിയിൽ നടക്കുന്ന ഫെഡി-കൊച്ചി ഡിസൈൻ വീക്കിലാകട്ടെ സമ്പന്ധിച്ചുത്തുന്ന കലാകാരന്മാരും പങ്കാളികളാകും.

വിദ്യാർഥികൾ, സ്കൂളുകൾ

65000 കടലാസ് തോണിയെന്നാണ് ആദ്യഘട്ടത്തിലുണ്ടായ ആലോചനയെങ്കിലും കുടുതൽ സ്കൂളുകൾ തോണിയൊരുക്കാൻ അണിചേരുകയാണ്. ഇതുവരെ 110 വിദ്യാലയ സ്ഥാപനങ്ങളാണ് ഫ്രണ്ട്ഷിപ് ക്യാംപെയിനുമായി കൈകോർത്തത്. വിദ്യാർഥികളിൽ കൂതൽതാ സംസ്കാരം രൂപപ്പെടുത്തുക, കടലാസ് തോണികൾ ഒരുക്കി രക്ഷകരെ ആദരിക്കുക എന്നതിനായി സ്കൂളുകളിൽ വർക്ക്ഷോപുകളും സംഘടിപ്പിക്കുന്നു.

പദ്ധതിയുടെ ഭാഗമായ തിരുവനിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളാകട്ടെ 60 മത്സ്യത്തൊഴിലാളി കുടുംബങ്ങളുള്ള സൗഹൃദച്ചങ്ങലയിലേക്കു തിരഞ്ഞെടുത്തു. ഓരോ ക്ലാസും ഒരു കുടുംബവുമായി വ്യക്തിബന്ധം സൂക്ഷിക്കും. ഇതുവഴി കുടുതൽ സൗകര്യങ്ങൾ അവർക്കെത്തിക്കാനാകുമെന്നാണ് പ്രതീക്ഷ.

നാഷണൽ ഇന്നവേഷൻ കൗൺസിൽ അംഗമായ ലക്ഷ്മി മേനോനും നിന്നു രതിനും ചേർന്നാണ് ഈ കൂട്ടായ്മക്കു തുടക്കമിട്ടത്. ഗൂഡ് കർമ ഹൗണ്ടേഷനാണ് പദ്ധതിയുടെ സംഘാടനം. പോളിസി വിവരങ്ങൾക്ക് വെബ്സൈറ്റ് : makefriendship.org